# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂൺ 3**

---

## പാഠപുസ്തകങ്ങൾ തയ്യാറാക്കിയ അധ്യാപകരെ ആദരിച്ചു

*ബിരുദ ഓണേഴ്സ് പ്രോഗ്രാമുകളുടെ(എംജിയു-യുജിപി) ഭാഷാ പാഠപുസ്തകങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച അധ്യാപകരെ മഹാത്മാ ഗാന്ധി സർവകലാശാല ആദരിച്ചു. പുസ്തകങ്ങളുടെ എഴുത്തിലും എഡിറ്റിംഗിലും പങ്കാളികളായ അധ്യാപകർക്ക് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സാക്ഷ്യപത്രങ്ങൾ നൽകി.*

*സിൻഡിക്കേറ്റ് അംഗം ഡോ. എ.എസ്. സുമേഷ്, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, സർവകലാശാലയിലെ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് വകുപ്പിന്റെ ചുമതല വഹിക്കുന്ന ഡോ. സിബു ജി. നെറ്റോ എന്നിവർ സംസാരിച്ചു.*

*(പി.ആർ.ഒ/39/1652/2025)*

## എം.ജി സർവകലാശാല ഡി.എസ്.എസ് ഇനി ഡി.എസ്.ഡബ്ല്യു

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസിന്റെ പേര് ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ എന്നു മാറ്റി. സർവകലാശാലാ സിൻഡിക്കേറ്റാണ് ഇതു സംബന്ധിച്ച് തീരുമാനമെടുത്തത്.*

*വകുപ്പിന്റെ ഡയറക്ടറായി ഏബ്രഹാം കെ. സാമുവൽ തുടരും. അഫിലിയേറ്റഡ് കോളജുകളിലെയും സർവകലാശാലയിലെ പഠന വകുപ്പുകളിലെയും വിദ്യാർഥികളുടെ ക്ഷേമത്തിനായുള്ള നടപടികളും കലാ സാംസ്കാരിക പ്രവർത്തനങ്ങളും സർവകലാശാലാ തലത്തിൽ ഏകോപിപ്പിക്കുന്നത് ഡി.എസ്.ഡബ്ല്യുവാണ്.*

*(പി.ആർ.ഒ/39/1653/2025)*

## പരീക്ഷാ ഫലം

*ഒന്നാം  സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ ഇക്കണോമെട്രിക്സ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്,  2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1654/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നാം സെമസ്റ്റർ എം.ആർക്ക് (2024 അഡ്മിഷൻ റഗുലർ) പരീക്ഷകൾ  ജൂൺ 23 മുതൽ നടക്കും. ജൂൺ ഒൻപതു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 10 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 11 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1655/2025)*

## പരീക്ഷാ തീയതി

*നാലാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 16 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1656/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**